**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2239** | **12-02-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ആയുർവേദ ഹോമിയോ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **നാഷണൽ ആയുഷ് മിഷൻ**<br><br>ആലത്തൂർ നിയോജക മണ്ഡലത്തിലെ ഗവ.ഹോമിയോ ഡിസ്പെൻസറി കിഴക്കാഞ്ചേരിയെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആയി ഉയർത്തിയിട്ടുണ്ട്. ഈ സ്ഥാപനം NABH നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ നടപടികൾ പുരോഗമിക്കുന്നു. അതിന്റെ ഭാഗമായി ടി സ്ഥാപനത്തിൽ ഒരു യോഗ ഇൻസ്ട്രക്ടറേയും, മൾട്ടി പർപ്പസ് ഹെൽത്ത് വർക്കറേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും 5,00,000/- രൂപ പ്രസ്തുത പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഇത് കൂടാതെ 4.57 ലക്ഷം രൂപ ഓരോ വർഷവും ആവർത്തന ചെലവിനത്തിൽ ലഭ്യമാക്കുന്നതാണ്.<br><br>**ഭാരതീയ ചികിത്സാ വകുപ്പ്**<br><br>ആലത്തൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ചുവടെ പ്രതിപാദിക്കുന്ന സ്ഥലങ്ങളിൽ ഏഴ് സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു. ഇവയുടെ വികസനത്തിനായി സ്വീകരിച്ച വിവിധ പദ്ധതികളുടെ വിവരവും, ആയതിന് ചെലവഴിച്ച തുകകളുടെ വിവരവും, ടി പ്രവർത്തികളുടെ പുരോഗതി വിവരവും വർഷം തിരിച്ച് **അനുബന്ധമായി** ചേർക്കുന്നു.<br><br>ആലത്തൂർ<br><br>എരിമയൂർ<br><br>കൊരഞ്ചിറ<br><br>കുഴൽമന്ദം |

| | | | |
|---|---|---|---|
| | | | മേലാർക്കോട്<br><br>വിളയൻചാത്തന്നൂർ<br><br>വണ്ടാഴി<br><br>**<u>ഹോമിയോപ്പതി വകുപ്പ്</u>**<br><br>ആലത്തൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ഹോമിയോ ഡിസ്പെൻസറികളിൽ പുതിയ കെട്ടിട നിർമ്മാണവും, മാതൃകാ ഡിസ്പെൻസറികളുടെ അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചു.<br><br>പുതിയ കെട്ടിട നിർമ്മാണം - 30 ലക്ഷം (എം.എൽ.എ. ഫണ്ട്)<br><br>കിഴക്കഞ്ചേരി മാതൃകാ ഡിസ്പെൻസറി - 1,08,500/-<br><br>ആലത്തൂർ കെട്ടിട നിർമ്മാണം - 10 ലക്ഷം. |
| (ബി) | ആയതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (ബി) | **<u>നാഷണൽ ആയുഷ് മിഷൻ</u>**<br><br>ആലത്തൂർ നിയോജക മണ്ഡലത്തിലെ ഗവ.ഹോമിയോ ഡിസ്പെൻസറി കിഴക്കാഞ്ചേരിയെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആയി ഉയർത്തിയിട്ടുണ്ട്. ഈ സ്ഥാപനം NABH നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ നടപടികൾ പുരോഗമിക്കുന്നു. അതിന്റെ ഭാഗമായി ടി സ്ഥാപനത്തിൽ ഒരു യോഗ ഇൻസ്ട്രക്ടറേയും, മൾട്ടി പർപ്പസ് ഹെൽത്ത് വർക്കറേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും 5,00,000/- രൂപ പ്രസ്തുത പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഇത് കൂടാതെ 4.57 ലക്ഷം രൂപ ഓരോ വർഷവും ആവർത്തന ചെലവിനത്തിൽ ലഭ്യമാക്കുന്നതാണ്.<br><br>**<u>ഭാരതീയ ചികിത്സാ വകുപ്പ്</u>**<br><br>ആലത്തൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ചുവടെ പ്രതിപാദിക്കുന്ന സ്ഥലങ്ങളിൽ ഏഴ് സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു. ഇവയുടെ വികസനത്തിനായി സ്വീകരിച്ച വിവിധ പദ്ധതികളുടെ വിവരവും, ആയതിന് ചെലവഴിച്ച തുകകളുടെ വിവരവും, ടി പ്രവർത്തികളുടെ പുരോഗതി വിവരവും വർഷം തിരിച്ച് **അനുബന്ധമായി** ചേർക്കുന്നു.<br><br>ആലത്തൂർ |

| | | | |
|---|---|---|---|
| | | | എരിമയൂർ<br><br>കൊരഞ്ചിറ<br><br>കുഴൽമന്ദം<br><br>മേലാർക്കോട്<br><br>വിളയൻചാത്തനൂർ<br><br>വണ്ടാഴി<br><br>**<u>ഹോമിയോപ്പതി വകുപ്പ്</u>**<br><br>ആലത്തൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ഹോമിയോ ഡിസ്പെൻസറികളിൽ പുതിയ കെട്ടിട നിർമ്മാണവും, മാതൃകാ ഡിസ്പെൻസറികളുടെ അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചു.<br><br>പുതിയ കെട്ടിട നിർമ്മാണം - 30 ലക്ഷം (എം.എൽ.എ. ഫണ്ട്)<br><br>കിഴക്കഞ്ചേരി മാതൃകാ ഡിസ്പെൻസറി - 1,08,500/-<br><br>ആലത്തൂർ കെട്ടിട നിർമ്മാണം - 10 ലക്ഷം. |
| (സി) | പ്രസ്തുത കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി തേങ്കുറിശ്ശി പി.എച്ച്.സി.-യെ 15.5 ലക്ഷം രൂപ ചെലവഴിച്ച് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. കൂടാതെ, പുന്നപ്പാടം, എരിമയൂർ, വടക്കേത്തറ, വണ്ടാഴി എന്നിവിടങ്ങളിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് & വെൽനസ്സ് സെന്ററുകളാക്കി ഉയർത്തി. 143 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മേലാർക്കോട് പി.എച്ച്.സി.-യിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ